(ഇ) പഴക്കം ചെന്ന ബസ്സുകൾ പിൻവലിച്ച് പകരം താരതമ്യേന പുതിയ ബസ്സുകൾ ക്രമമായി നിരത്തിലിറക്കുന്നതിനുള്ള കർശന നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതി പൂർത്തിയായാൽ പഴക്കം കൂടിയ ബസ്സുകൾ മുഴുവനും നിരത്തിൽ നിന്നും പിൻവലിക്കുന്നതാണ്.

(എഫ്) അടുത്ത സാമ്പത്തിക വർഷം മദ്ധ്യത്തോടെ പൂർണ്ണമായി ഇത് നടപ്പിലാക്കാനാകുമെന്നു പ്രതീക്ഷിക്കുന്നു.

അടൂർ-ഒരിപ്പുറം-പത്തനംതിട്ട റൂട്ടിൽ ഓടുന്ന കെ.എസ്.ആർ.ടി.സി. ബസ് റൂട്ടു മാറി ഓടുന്നതിനെതിരെ നടപടി

112 [1251] **ശ്രീ. കെ. നാരായണക്കുറുപ്പ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ-ഒരിപ്പുറം-പത്തനംതിട്ട റൂട്ടിൽ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ് പലപ്പോഴും ഷെഡ്യൂൾ കാൻസൽ ചെയ്യുന്നതായും റൂട്ട് തെറ്റിച്ച് അടൂരിൽനിന്ന് ഒരിപ്പുറംവഴി പോകാതെ നേരിട്ട് പത്തനംതിട്ടയ്ക്ക് പോകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റൂട്ടിലെ ഏക കെ.എസ്.ആർ.ടി.സി. ബസ്സായ ഇത് റൂട്ട് തെറ്റിച്ച് ഓടുന്നതുമൂലം അദ്ധ്യാപകരും വിദ്യാർത്ഥികളുമടക്കമുള്ള ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്നു എന്ന വസ്തുത സർക്കാരിന് അറിവുണ്ടോ;

(സി) വൈകുന്നേരം 4 മണിക്ക് അടൂരിൽനിന്നും പുറപ്പെട്ട് ഒരിപ്പുറംവഴി പത്തനംതിട്ടയ്ക്ക് പോകേണ്ട പ്രസ്തുത ബസ് മിക്കപ്പോഴും വളരെ നേരത്തെതന്നെ അടൂരിൽനിന്നും പുറപ്പെടുന്നതിനാൽ സ്കൂൾ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പലപ്പോഴും ഈ സർവ്വീസ് പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല എന്ന യാഥാർത്ഥ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ബസ് സർവ്വീസ് വളരെ പരിമിതമായ പ്രസ്തുത റൂട്ടിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും ഈ ബസ്സിനെ ആശ്രയിക്കുകയാണെന്ന വസ്തുത കണക്കിലെടുത്ത് കൃത്യമായി ഒരിപ്പുറം വഴിതന്നെ ഈ ബസ് സർവ്വീസ് നടത്തുന്നതിന് ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകാമോ;

(ഇ) കാരണം കൂടാതെ ഷെഡ്യൂൾ ക്യാൻസൽ ചെയ്യുകയും നിശ്ചിത റൂട്ടിൽകൂടി ഓടിക്കാതെ റൂട്ടുമാറ്റി ബസ്സ് ഓടിക്കുകയും ചെയ്യുന്ന ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) ഇല്ല.

(ഡി) അടൂർ ഒരിപ്പുറം പത്തനംതിട്ട റൂട്ടിൽ ഒരിപ്പുറം കഴിഞ്ഞ് തട്ടക്ഷേത്രത്തിനു സമീപമുള്ള കലുങ്കിന്റെ പണികാരണം റോഡ് അടച്ചിട്ടിരുന്ന സമയത്ത് അടൂരിൽനിന്നും നേരിട്ട് പത്തനംതിട്ടയ്ക്ക് സർവ്വീസ് അയച്ചിരുന്നു. കലുങ്കു പണി പൂർത്തിയായതിനാൽ ഇപ്പോൾ ഒരിപ്പുറം വഴിയാണ് സർവ്വീസ് നടത്തുന്നത്. ഇപ്പോൾ റൂട്ട് മാറിയല്ല ഓടുന്നത്. ഈ സർവ്വീസിന്റെ ഷെഡ്യൂൾ സമയം വൈകുന്നേരം 15.50 ആണ്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly